LIBRARY ARCHIVES Kerala Legislative Assembly

വരുന്ന സ്വകാര്യ ലൈസൻസിക്ക് കൈമാറണമെന്നും തങ്ങളുടെ കൈവശമുള്ള ഭൂമി സ്വകാര്യ ലൈസൻസിയുടെ ഉപയോഗത്തിനായി തുച്ഛമായ നിരക്കിൽ വിട്ടുനൽകണമെന്നും നിഷ്കർഷിക്കുന്നു. നിലവിലെ വിതരണ കമ്പനിയുടെ ജീവനക്കാരെ സ്വകാര്യ ലൈസൻസിക്ക് കൈമാറണമെന്നും അതേസമയം ഇത്തരത്തിൽ കൈമാറുന്ന ജീവനക്കാരുടെ നാളിതുവരെയുള്ള റിട്ടയർമെന്റാനുകൂല്യങ്ങൾ അതത് സർക്കാരുകൾതന്നെ വഹിക്കണമെന്നും കരടുരേഖയിൽ വിഭാവനം ചെയ്യുന്നു. ഇതിനുപുറമേ നിലവിലുള്ളതും എന്നാൽ സാമ്പത്തികമായി ലാഭമുള്ളതുമായ വൈദ്യുതിവാങ്ങൽ കരാറുകളും സ്വകാര്യ ലൈസൻസുകൾക്ക് കൈമാറേണ്ടി വരും. കേന്ദ്രം മുന്നോട്ടുവച്ച കരട് വൈദ്യുതി നയത്തിൽ സ്വകാര്യവത്കരണത്തിനുള്ള നീക്കങ്ങൾക്കുപുറമേ ഏതാനും സംസ്ഥാനങ്ങൾ ഏറ്റെടുത്ത ഏതാനും പുനരുപയോഗ ഊർജ്ജ പദ്ധതികൾ മൂലമുണ്ടാക്കിയ സാമ്പത്തികബാദ്ധ്യത മറ്റ് സംസ്ഥാനങ്ങൾകൂടി പങ്ക് വഹിക്കണം, സർക്കാർ സബ്സിഡി ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫർവഴി നേരിട്ട് ഉപഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് പണം കൈമാറണം, സൗരോർജ്ജ-സൗരോർജ്ജേതര സ്രോതസുകൾക്കുവേണ്ടി പ്രത്യേകം പ്രത്യേകം Renewable Purchase Obligation, സംസ്ഥാന ലോഡ് ഡെസ്പാച്ച് സെന്ററുകൾ പ്രസരണ വിഭാഗത്തിൽനിന്നും വേർതിരിക്കണം തുടങ്ങിയ ആശയങ്ങളും മുന്നോട്ടുവയ്ക്കുന്നു. കേന്ദ്ര അക്ഷയ ഊർജ്ജ മന്ത്രാലയത്തിന് ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായി 2014-ൽ കൊണ്ടുവന്ന സബ്സിഡി സ്കീം 2017-ഓടുകൂടി നിർത്തലാക്കുകയും പുതുക്കുന്നതിനുള്ള കരട് നിർദ്ദേശം 2019-ൽ ഉണ്ടാക്കുകയും ചെയ്തിരുന്നെങ്കിലും ഇതുവരെ പുതിയ സബ്സിഡി പ്രോഗ്രാം നടപ്പിലായിട്ടില്ല. അതിനാൽ സംരംഭകർക്ക് പദ്ധതികളിൽ ലഭിക്കുമായിരുന്ന ലാഭസാദ്ധ്യത കുറയുകയും പദ്ധതി നടപ്പിലാക്കൽ മന്ദഗതിയിലാകുകയും ചെയ്തിട്ടുണ്ട്.

കൈത്തറി മേഖലയുടെ പരിഷ്കരണം

16(*466) ശ്രീ. വി. ശശി:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി മേഖല പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ഉത്പാദന രീതികളുടെ നവീകരണവും ഉത്പന്ന വൈവിദ്ധ്യവത്കരണവും പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

"ടെക്നോളജി അപ്ഗ്രഡേഷൻ ആൻഡ് ട്രാൻസ്ഫർ ഓഫ് ന്യൂ ടെക്നോളജി" പദ്ധതി നടപ്പിലാക്കിക്കൊണ്ട് ഉത്പാദന രീതി നവീകരിക്കുന്നതിനും തറികളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും നെയ്ത്തിന്റെ ഗുണമേന്മ കൂട്ടുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. "ടെക്നോളജി അപ്ഗ്രഡേഷൻ" ഉൾപ്പെട്ടിട്ടുള്ള "ആധുനികവത്കരണവും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രോത്സാഹനവും" പദ്ധതിക്കായി 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 5.50 കോടി രൂപ വക കൊള്ളിച്ചിട്ടുണ്ട്.

(ബി) വിദഗ്ധ നെയ്ത്തുകാരെക്കൊണ്ട് ആധുനിക ഡിസൈനിൽ തുണി ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനായി കൈത്തറി സുരക്ഷ എന്ന പദ്ധതി ഹാൻടെക്സ് ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കൈത്തറി സുരക്ഷ പദ്ധതി 2019-20-ൽ ആരംഭിച്ചു. വിദഗ്ധ നെയ്ത്തുകാരെക്കൊണ്ട് നാളിതുവരെ ഹാന്റക്സിൽ പ്രീമിയം ഉത്പന്നങ്ങൾ എന്ന ശ്രേണിയിൽ ബാലരാമപുരം-റോയൽ മുണ്ടുകൾ, കുത്താംപുള്ളി-കളർ സാരികൾ, കൊല്ലം-ഒറ്റമുണ്ട്, കൈലി, കണ്ണൂർ - ഷർട്ടിംഗ് എന്നിവ ഉത്പാദനം ആരംഭിച്ചു. കോവിഡ് മഹാമാരി, പ്രളയം എന്നീ പ്രതിസന്ധി കാലഘട്ടത്തിലും ഇതിൽ 2,80,12,651 രൂപയുടെ ഉത്പന്നങ്ങൾ മാർക്കറ്റ് ചെയ്യാൻ സാധിച്ചിട്ടുണ്ട്. "കൈത്തറി സുരക്ഷാ പദ്ധതി" പ്രകാരം ഒരു കോടി രൂപ അസംസ്കൃത വസ്തുക്കളുംമറ്റും വാങ്ങുന്നതിനായി നെയ്ത്തുകാർക്ക് വിതരണം ചെയ്തിട്ടുണ്ട്.

(സി) കൈത്തറി മേഖലയിൽ ഓൺലൈൻ മാർക്കറ്റിംഗ് പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കൈത്തറി മേഖലയിൽ ഓൺലൈൻ മാർക്കറ്റിംഗ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ GeM പോർട്ടൽ, eshilpamart തുടങ്ങിയ ഇ-കൊമേഴ്സ് പോർട്ടൽ പോലുള്ളവയിൽ രജിസ്ട്രേഷൻ നടത്തി ഓൺലൈൻ വിപണനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആമസോൺ ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനത്തിലൂടെ 2016 മുതൽ ഹാന്റക്സ് വിപണനം നടത്തി വരുന്നു.

(ഡി) കൈത്തറി മേഖലയുടെ നവീകരണത്തിന്റെ ഭാഗമായി പുതിയ ഡിസൈൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ആരംഭിച്ചിട്ടില്ല.

(ഇ) കൈത്തറി സഹകരണ സംഘങ്ങൾ പുന:സംഘടിപ്പിക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നിലവിൽ വന്നതിനുശേഷം ഏകദേശം 300 സംഘങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സംഘങ്ങളിൽനിന്നായി 5600 നെയ്ത്തുകാരും 1513 അനുബന്ധ തൊഴിലാളികളും സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായി ജോലി ചെയ്തുവരുന്നു. ഈ പദ്ധതിയുടെ ഭാഗമായി, പൂട്ടിക്കിടന്നിരുന്ന 15 സംഘങ്ങൾ തുറന്നുപ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

സമ്പദ് വ്യവസ്ഥയുടെ പുനരുദ്ധാരണത്തിൽ സഹകരണമേഖലയുടെ ഇടപെടൽ

17(*467) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) കോവിഡ് തകർത്ത സമ്പദ് വ്യവസ്ഥയെ പുനരുദ്ധരിക്കുന്നതിനും പ്രളയനാശം അതിജീവിക്കുന്നതിനുമായി സഹകരണമേഖല ഇപ്രാവശ്യത്തെ സഹകരണ ദിന സന്ദേശമായ 'ഒരുമിച്ചു നിന്ന് മികവാർന്ന പുനർനിർമ്മാണം' അന്വർത്ഥമാക്കുന്ന തരത്തിൽ നടത്തിയ ഇടപെടലുകൾ വിശദീകരിക്കുമോ?

'ഒരുമിച്ചു നിന്ന് പുനർനിർമ്മാണം' എന്നത് ഈ വർഷത്തെ അന്തർദ്ദേശീയ സഹകരണ ദിനത്തിന്റെ മുഖ്യ പ്രമേയമാണ്. കോവിഡ് പശ്ചാത്തലത്തിൽ ഈ പ്രമേയത്തെ അന്വർത്ഥമാക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് സഹകരണ സംഘങ്ങളോട് നിർദ്ദേശിച്ചിരുന്നു. 2021 ജൂലൈ 03 മുതൽ 2022 മാർച്ച് 31 വരെ നടത്തുന്ന പ്രവർത്തനങ്ങളിൽ ഏറ്റവും മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്ക് അടുത്ത വർഷത്തെ സഹകരണ ദിനത്തിൽ COOPDAY പുരസ്കാരം നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. പ്രളയ കാലത്തും കോവിഡ് മഹാമാരിക്കിടയിലും സഹകരണ വകുപ്പ് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്തു ചെയ്തുവരികയാണ്:

(i) കെയർഹോം പദ്ധതി,-2018-ലെ പ്രളയത്തെത്തുടർന്ന് സംസ്ഥാനത്തെ ഭവനരഹിതരായവർക്ക് വീട് നിർമ്മിച്ചുനൽകുന്നതിന് സഹകരണ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് കെയർഹോം. പ്രസ്തുത പദ്ധതി പ്രകാരം 2067 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് അതാത് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. കെയർഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ സംസ്ഥാനത്തെ 14 ജില്ലകളിലും ഭവനരഹിതർക്ക് ഭവനസമുച്ചയങ്ങൾ (ഫ്ലാറ്റ്) നിർമ്മിച്ചു നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.